(ഡി) ബ്രഹ്മോസിന്റെ വികസനത്തിനായി സാദ്ധ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. ബ്രഹ്മോസിന്റെ വികസനപദ്ധതികൾക്ക് ആവശ്യമായ ഐ.എ.എഫ്.-ന്റെ ഉടമസ്ഥതയിലുള്ള കെ.ഇ.ഡബ്ല്യു. കോംപ്ലക്സിലെ 7.15 ഏക്കർ ഭൂമി വിട്ടുകൊടുക്കുന്നതിന് പകരമായി 20 ഏക്കർ സ്ഥലം തിരുവനന്തപുരത്ത് മുട്ടത്തറയിൽ സംസ്ഥാന സർക്കാർ കണ്ടെത്തുകയും, പ്രസ്തുത ഭൂമി ഐ.എ.എഫ്.-ന് 2014-ൽ കൈമാറ്റം ചെയ്യുകയുമുണ്ടായി. പ്രസ്തുതഭൂമിയിലെ അടിസ്ഥാനസൗകര്യ വികസനത്തിനായി വിവിധ സർക്കാർ വകുപ്പുകൾ/ഏജൻസികളായ പബ്ലിക് വർക്സ് ഡിപ്പാർട്ട്മെന്റ്, കേരള വാട്ടർ അതോറിറ്റി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, റവന്യൂ വകുപ്പ്, നഗരസഭ തുടങ്ങിയവയെ ചുമതലപ്പെടുത്തുകയും ഇവരുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി വിവിധ തലങ്ങളിൽ അവലോകന യോഗങ്ങൾ കൂടുകയുമുണ്ടായി. 22-4-2014-ന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന അവലോകനയോഗത്തിൽ വിവിധ വകുപ്പുകളുടെ പ്രവർത്തനം വിലയിരുത്തുകയും ആയത് വകുപ്പുകളുടെ ചുമതലകൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

ലിക്വിഡേഷൻ ഭീഷണി നേരിടുന്ന സഹകരണ സംഘങ്ങൾ

18 (*618) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. സി. മമ്മൂട്ടി : താഴെകാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ നഷ്ടത്തിലേക്ക് പോകുന്നതിന്റെ കാരണങ്ങളെക്കുറിച്ച് വിശകലനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) സംസ്ഥാനത്ത് എത്ര സംഘങ്ങൾ ലിക്വിഡേഷൻ ഭീഷണി നേരിടുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) നഷ്ടത്തിൽനിന്നും ഇവയെ കരകയറ്റുന്നതിനും സഹകാരികൾക്ക് ആശ്രയിക്കാവുന്ന സ്ഥാപനങ്ങളാക്കി മാറ്റുന്നതിനും എന്തൊക്കെ ചെയ്യാനാവുമെന്ന കാര്യം പരിശോധിക്കുമോ ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ സി. എൻ. ബാലകൃഷ്ണൻ) :

(എ) ഉണ്ട്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽനിന്നും നൽകുന്ന വായ്പകൾ യഥാസമയം തിരിച്ചടയ്ക്കുന്നതിൽ വീഴ്ച വരുന്നതിനാലും കുടിശ്ശിക കൂടുന്നതിനാലും മാനേജ്മെന്റിന്റെ കാര്യക്ഷമതാകുറവും ശമ്പളമിനത്തിലും തൽഫലമുള്ള കടങ്ങളിലുമുള്ള വർദ്ധനവും പ്രാഥമിക സഹകരണ സംഘങ്ങൾ നഷ്ടത്തിലേക്ക് പോകുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly